വാണിജ്യ നികുതി പരിശോധനയ്ക്ക് സ്കാനിംഗ് മെഷീനുകൾ

27 (*627) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യനികുതി പരിശോധനാകേന്ദ്രങ്ങളിൽ സ്കാനിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ചരക്കുകളുടെ പരിശോധന കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പ്രസ്തുത നടപടി എത്രമാത്രം സഹായകരമാകും എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ചെക്ക്പോസ്റ്റ് നവീകരണത്തിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളിൽ മൊബൈൽ വെഹിക്കിൾ സ്കാനർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സാദ്ധ്യതാപഠനം നടത്തുന്നതിനായി 13-3-2014-ലെ ജി.ഒ. (ആർറ്റി.)നമ്പർ 208/2014/നി.വ. ഉത്തരവുപ്രകാരം നികുതി വകുപ്പ് സെക്രട്ടറി ചെയർമാനും, രജിസ്ട്രാർ, ഗുജറാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ കൺവീനറും വാണിജ്യ നികുതി കമ്മീഷണർ, എക്സൈസ് കമ്മീഷണർ, മോട്ടോർ വെഹിക്കിൾസ് കമ്മീഷണർ, കൂടാതെ ടി മൂന്ന് വകുപ്പദ്ധ്യക്ഷന്മാർ നിർദ്ദേശം ചെയ്യപ്പെടുന്ന പ്രസ്തുത വകുപ്പുകളുടെ കമ്പ്യൂട്ടർ വിഭാഗത്തിന്റെ ചുമതലയുള്ള ഓരോ സീനിയർ ഉദ്യോഗസ്ഥന്മാരും മെമ്പർമാരായുള്ള 8 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി-ഡി) സമിതിയുടെ പഠനറിപ്പോർട്ട് ലഭ്യമായതിനുശേഷമേ ഇക്കാര്യം വ്യക്തമാക്കാനാവൂ.

ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

28 (*628) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമുഖേന ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) ജനറൽ ഇൻഷ്വറൻസിന്റെയും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെയും എല്ലാവിധ വ്യക്തിഗത കണക്കുകളും കൃത്യമായി സൂക്ഷിക്കുക, ഇതിന്റെ അടിസ്ഥാനത്തിൽ ലാഭനഷ്ട കണക്കുകൾ തയ്യാറാക്കുക, പോളിസി ഉടമകൾക്ക്/ഇടപാടുകാർക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുമ്പോൾ ഓരോ ഇടപാടുകാരനും അവരുടെ പോളിസി സംബന്ധമായ വിശദാംശങ്ങൾ ഇന്റർനെറ്റിലൂടെ ലഭിക്കുന്നതാണ്. കൂടാതെ ജീവനക്കാരന്/പോളിസി ഉടമയ്ക്ക് PEN/KSID-ID ഉപയോഗിച്ച് എല്ലാ പോളിസികളും ഗ്രൂപ്പ് ചെയ്യുന്നതിനുള്ള സൗകര്യം, ഓരോ പോളിസിയിലുമുള്ള പ്രതിമാസ പ്രീമിയം പോസ്റ്റ് ചെയ്യുന്നതിനും പോളിസി ലെഡ്ജർ കാണുന്നതിനുള്ള സൗകര്യം, വകുപ്പിന്റെ ട്രഷറി ഇടപാടുകൾ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം, വകുപ്പിന്റെ സാമ്പത്തിക റിപ്പോർട്ടുകൾ അടക്കമുള്ള എല്ലാ റിപ്പോർട്ടുകളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള സൗകര്യം, സ്പാർക്ക്, മോട്ടോർ വാഹന വകുപ്പുകളുടെ സോഫ്റ്റ്വെയറുമായി വെബ് ഇന്റർഫേസ് എന്നീ സൗകര്യങ്ങൾ മുഖ്യമായും ലഭിക്കുന്നു.

(ഡി) കെൽട്രോൺ, ഐ.ടി. മിഷൻ, സ്പാർക്ക്, കെ.-സാൻ, ഐ.സി.എ.ഐ. എന്നീ ഏജൻസികളും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റും കമ്പ്യൂട്ടർവൽക്കരണവുമായി സഹകരിക്കുന്നുണ്ട്.

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

29 (*629) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ് ശർമ്മ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി ജലവൈദ്യുത നിലയത്തിന്റെ പാരിസ്ഥിതികാനുമതി പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly